**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3691** **02-03-2023 - ൽ മറുപടിയ്ക്ക്**

**പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ് നിർബന്ധമാക്കിയിരിക്കുന്നത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; | (എ) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 77 മുതൽ 79 വരെയുള്ള സെക്ഷനുകൾ പ്രകാരമാണ് ഗുഡ്സ് ക്യാരേജ് വാഹനങ്ങളുടെ പെർമിറ്റ് അനുവദിച്ചു നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടെസ്റ്റിംഗ് ഏജൻസികൾ ‘M’ കാറ്റഗറി (പാസഞ്ചർ)-യിൽ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് നൽകുന്നതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ചില പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക്, വാഹന ഉടമകളുടെ ആവശ്യപ്രകാരം, സ്വകാര്യ വാഹനമായും (Motor car) ടാക്സിയായും രജിസ്ട്രേഷൻ അനുവദിച്ചു വരികയാണ്. എന്നാൽ ടി ഏജൻസികൾ ചില വാഹനങ്ങൾക്ക് ‘N’ വിഭാഗത്തിൽ (goods vehicle) ടൈപ്പ് അപ്രൂവൽ നൽകുന്നതിനാൽ ഇത്തരം വാഹനങ്ങളെ ട്രാൻസ്പോർട്ട് വാഹനമായി മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. മേൽ പരാമർശിച്ച വാഹനങ്ങൾക്ക് ‘M’ കാറ്റഗറി (പാസഞ്ചർ) വിഭാഗത്തിൽ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയാണെങ്കിൽ ടി വാഹനങ്ങളെയും സ്വകാര്യ വാഹനനങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) | ഡ്രൈവർ അടക്കം അഞ്ച് യാത്രക്കാർക്കുള്ള ക്യാബിനും ഒപ്പം വ്യക്തിഗത സാധനങ്ങൾ സൂക്ഷിക്കുന്നതിന് മാത്രം പര്യാപ്തമായ ചെറിയ ഒരു കാർഗോ ക്യാബിനുമുള്ള വാഹനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവയല്ലെങ്കിൽ പ്രൈവറ്റ് പെർമിറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 77 മുതൽ 79 വരെയുള്ള സെക്ഷനുകൾ പ്രകാരമാണ് ഗുഡ്സ് ക്യാരേജ് വാഹനങ്ങളുടെ പെർമിറ്റ് അനുവദിച്ചു നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടെസ്റ്റിംഗ് ഏജൻസികൾ ‘M’ കാറ്റഗറി (പാസഞ്ചർ)-യിൽ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് നൽകുന്നതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ചില പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക്, വാഹന ഉടമകളുടെ ആവശ്യപ്രകാരം, സ്വകാര്യ വാഹനമായും (Motor car) ടാക്സിയായും രജിസ്ട്രേഷൻ അനുവദിച്ചു വരികയാണ്. എന്നാൽ ടി ഏജൻസികൾ ചില വാഹനങ്ങൾക്ക് ‘N’ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ (goods vehicle) ടൈപ്പ് അപ്രൂവൽ നൽകുന്നതിനാൽ ഇത്തരം വാഹനങ്ങളെ ട്രാൻസ്പോർട്ട് വാഹനമായി മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. മേൽ പരാമർശിച്ച വാഹനങ്ങൾക്ക് 'M' കാറ്റഗറി (പാസഞ്ചർ) വിഭാഗത്തിൽ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയാണെങ്കിൽ ടി വാഹനങ്ങളെയും സ്വകാര്യ വാഹനനങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (സി) | തികച്ചും കുടുംബപരമായ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന പ്രസ്തുത വാഹനങ്ങൾ ടാക്സി ആക്കുന്നതിലൂടെ ലൈഫ് ടാക്സ് ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വലിയ ഒരു തുക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | വാഹന നികുതി ഈടാക്കുന്നത് വാഹനങ്ങളുടെ കാറ്റഗറി അനുസരിച്ചാണ്. Goods വിഭാഗത്തിൽ proto type approval എടുത്ത വാഹനത്തിനെ സ്വകാര്യ വാഹനമായി രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തതിനാൽ ഒറ്റത്തവണ നികുതി ഈടാക്കാൻ സാധ്യമല്ല. എന്നാൽ വാഹന നിർമ്മാതാക്കൾ മേൽ വാഹനങ്ങൾക്ക് 'M' കാറ്റഗറി വിഭാഗത്തിൽ proto type approval ലഭ്യമാക്കുകയാണെങ്കിൽ അവയെ സ്വകാര്യ വാഹനങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതും ലൈഫ് ടൈം ടാക്സ് ഈടാക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ